**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 325** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സി.എം.എൽ.ആർ.ആർ.പി.-2.0 പദ്ധതിയിലുൾപ്പെട്ട റോഡിന്റെ പേരുമാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** 25/10/2025 തീയതിയിലെ സ.ഉ(കൈ)നം.193/2025/എൽ.എസ്.ജി.ഡി, നമ്പർ പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള നം. 4149 കൈനകരി കോയിക്കാട് പാലം മുതൽ അക്കരക്കുളം വരെ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ പേര് നെടുമുടി ഗ്രാമപഞ്ചായത്ത് പുത്തൻകുളം മുതൽ അക്കരക്കുളം വരെ റോഡ് കോൺക്രീറ്റിംഗ് എന്ന് ഭേദഗതി ചെയ്യുന്നതിനുള്ള അപേക്ഷയിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ടി അപേക്ഷ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**(ബി)** പേരു മാറ്റുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്നും നടപടിക്രമം പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പേര് മാറ്റത്തിനുള്ള ശിപാർശയിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ പുതുക്കിയ ഭരണാനുമതി നൽകുകയാണ് ചെയ്യുന്നത്. ഭരണാനുമതിയിൽ ഉത്തരവാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നിമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**